## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 45 — 25-04-2017 ൽ മറുപടിയ്ക്ക്

### പൊതുജനങ്ങൾക്ക് മുഖ്യമന്ത്രിയെ നേരിട്ട് ബന്ധപ്പെടുന്നതിനും പരാതി അറിയിക്കുന്നതിനും ഉള്ള മാർഗ്ഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സുതാര്യ കേരളം പരിപാടി നിർത്തലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ ? | (എ) സംസ്ഥാനത്ത് എവിടെ നിന്നുമുള്ള പരാതികൾ തൽസമയം തന്നെ മുഖ്യമന്ത്രിയുടെ പരിഗണനയ്ക്കെത്തുംവിധം ഒരു ഏകീകൃത സംവിധാനമായ 'സ്റ്റേയിറ്റ് ഫോർവേർഡ്'' എന്ന ഐ.റ്റി. അധിഷ്ഠിത പദ്ധതി ചിട്ടപ്പെടുത്തിയിരിക്കുന്നതിനാൽ സുതാര്യ കേരളം പദ്ധതിയുടെ ഭാഗമായുള്ള പരാതി പരിഹാരം തേടുന്ന സംവിധാനം നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് നടത്തി വരുന്ന സുതാര്യ കേരളം ടെലിവിഷൻ പരിപാടി - 'നാം മുന്നോട്ട്' തുടരുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) പൊതുജനങ്ങൾക്ക് മുഖ്യമന്ത്രിയെ നേരിട്ട് ബന്ധപ്പെടുന്നതിനും പരാതി അറിയിക്കുന്നതിനും ഏതെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളത്; | (ബി) ബഹു. മുഖ്യമന്ത്രി ഓഫീസിൽ ഉള്ള ദിവസങ്ങളിൽ സന്ദർശന സമയത്ത് പൊതുജനങ്ങൾക്ക് മുഖ്യമന്ത്രിയെ നേരിട്ട് കാണുവാനും നിവേദനങ്ങൾ സമർപ്പിക്കുന്നതിനും സൗകര്യമുണ്ട്. മാത്രമല്ല പരാതി നേരിട്ടു സ്വീകരിക്കുന്നതിന് "സ്റ്റേയിറ്റ് ഫോർവേഡ്" എന്ന സംവിധാനവും ഗവൺമെന്റ് സെക്രട്ടേറിയേറ്റിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തപാൽ, ഇ-മെയിൽ മുതലായ സൗകര്യങ്ങൾ മുഖേനയും പൊതുജനങ്ങൾക്ക് പരാതികളും നിവേദനങ്ങളും സമർപ്പിക്കാവുന്നതാണ്. മുഖ്യമന്ത്രിക്ക് ലഭിയ്ക്കുന്ന നിവേദനങ്ങളും മറ്റും |

കൈകാര്യം ചെയ്യുന്നതിനുള്ള ഏകീകൃത സംവിധാനമായ സി.എം.ഒ. സോഫ്റ്റ് വെയറിൽ ലോകത്തിന്റെ ഏത് ഭാഗത്തിൽ നിന്നും പൊതുജനങ്ങൾക്ക് പരാതികൾ/ നിവേദനങ്ങൾ സമർപ്പിക്കാവുന്നതാണ്.

| | |
|---|---|
| (സി) ഇരുപത്തിനാല്ല മണിക്കൂറും മുഖ്യമന്ത്രി യുടെ ഓഫീസുമായി ടെലിഫോണിൽ ബന്ധപ്പെടുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വിശദീകരിക്കമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ